**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 414** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ വി ജോയി,<br>ശ്രീ. പി.വി. ശ്രീനിജിൻ</td><td colspan="2">ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2022-23-ലെ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ച തുകയേക്കാൾ ഉയർന്ന വരുമാനം രജിസ്ട്രേഷൻ ഇനത്തിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>2022-23 സാമ്പത്തികവർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് തുകയേക്കാൾ 179.5381 കോടി രൂപ അധികവരുമാനം ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th></th><th colspan="3">റവന്യൂ</th><th colspan="3">ബഡ്ജറ്റ് എസ്റ്റിമേറ്റ്</th></tr>
<tr><th>വർഷം</th><th>സ്റ്റാമ്പ് ഡ്യൂട്ടി (രൂപ കോടിയിൽ)</th><th>രജി.ഫീസ് (രൂപ കോടിയിൽ)</th><th>ആകെ</th><th>സ്റ്റാമ്പ് ഡ്യൂട്ടി (രൂപ കോടിയിൽ)</th><th>രജി.ഫീസ് (രൂപ കോടിയിൽ)</th><th>ആകെ</th></tr>
<tr><td>22-23</td><td>4138.5966</td><td>1523.5212</td><td>5662.1178</td><td>4246.0298</td><td>1236.5499</td><td>5482.5797</td></tr>
</table>
2023-24 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ന്യായവിലയുടെ 20% വർദ്ധനവ് മുന്നിൽക്കണ്ട് 2022-23 സാമ്പത്തികവർഷത്തിന്റെ അവസാനമാസങ്ങളിൽ ആധാരരജിസ്ട്രേഷനുകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടായതിനാൽ ആനുപാതികമായി വരുമാനവും വർദ്ധിച്ചു. കൂടാതെ കോവിഡ് കാലത്തെ ലോക്ക്ഡൗണും, സാമ്പത്തിക പ്രതിസന്ധികളും മൂലം രജിസ്റ്റർ ചെയ്യാതെ മാറ്റിവച്ച ആധാരങ്ങളും 2022-23 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായി കാണുന്നു.</td></tr>
<tr><td>(ബി)</td><td>2022-23-ൽ ഡോക്യുമെന്റ് രജിസ്ട്രേഷൻ ഫീസിനത്തിൽ പിരിച്ചെടുത്ത തുകയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(ബി)</td><td>2022-23 -ൽ ഡോക്യുമെന്റ് രജിസ്ട്രേഷൻ ഫീസിനത്തിൽ ബജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 286.9713കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>സാമ്പത്തിക കരാറുകൾ നടപ്പാക്കുന്നതിന് ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം ആരംഭിച്ചതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?</td><td>(സി)</td><td>വാണിജ്യ ബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായവായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഡിജറ്റൽ രൂപം നല്കുന്നതിനുള്ള സൗകര്യമാണ് ഡിജിറ്റൽ ഡോക്കുമെന്റ് എക്സിക്യൂഷൻ സംവിധാനത്തിലൂടെ നടപ്പിലാക്കിയിരിക്കുന്നത്. രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതും മുദ്രവില ആവശ്യമായതുമായ പണയാധാരങ്ങൾക്കും കരാറുകൾക്കും ഈ സൗകര്യം പ്രയോജനകരമാണ്. നിലവിലുള്ള ഇ-സ്റ്റാമ്പിംഗ് സൗകര്യം വിപുലീകരിച്ചു കൊണ്ടാണ് ഇത് നടപ്പിലാക്കിയിരിക്കുന്നത്. ഈ സംവിധാനം നടപ്പിലായിക്കഴിഞ്ഞാൽ അപേക്ഷകന് ഓൺലൈനായിത്തന്നെ ബന്ധപ്പെട്ട ബാങ്കിന്റെ പോർട്ടലിലുള്ള വിവരങ്ങൾ പരിശോധിച്ചു കൊണ്ട് കരാറിൽ ഇ-സൈൻ സൗകര്യം ഉപയോഗിച്ച് കൊണ്ട് ഒപ്പ് വയ്ക്കാവുന്നതാണ്. ആദ്യ ഘട്ടത്തിൽ വാണിജ്യ ബാങ്കുകളും, കെ.എസ്.എഫ്.ഇ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC), കെ.എസ്.ഐ.ഡി.സി, കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ചു കൊണ്ടുള്ള സംവിധാനമാണ് നടപ്പിലാക്കി വരുന്നത്. ഈ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ആധാരങ്ങളുടെ എണ്ണവും ഈയിനത്തിലുള്ള നികുതി വരുമാനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭിക്കുന്നതാണ്. കൂടാതെ ഇത്തരം ആധാരങ്ങളുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് പൂർണ്ണമായി ഒഴിവാക്കുവാനും കഴിയുന്നതാണ്. ഈ സംവിധാനം വിപുലീകരിച്ചു കൊണ്ട് ഭാവിയിൽ കൂടുതൽ സേവനങ്ങൾക്ക് ഈ ആശയം പ്രാവർത്തികമാക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ